**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1139** **09-10-2024 - ൽ മറുപടിയ്ക്ക്**

**ഹാർബർ മാനേജ്മെന്റ് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഫിഷിംഗ് ഹാർബറുകളുടെ പരിപാലനത്തിനായി മത്സ്യത്തൊഴിലാളികൾക്കുകൂടി പങ്കാളിത്തമുള്ള ഹാർബർ മാനേജ്മെന്റ് സൊസൈറ്റിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; | (എ) | ഫിഷിംഗ് ഹാർബറുകളുടെ പരിപാലനത്തിനായി മത്സ്യത്തൊഴി ലാളികൾക്കുകൂടി പങ്കാളിത്തമുള്ള ഹാർബർ മാനേജ്മെന്റ് സൊസൈറ്റിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ പദ്ധതി വഴി മത്സ്യത്തൊഴിലാളികൾക്കും ഹാർബർ പരിപാലനത്തിനും വേണ്ടി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ? | (ബി) | മൽസ്യസംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണവും കാര്യക്ഷമമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി 2021 ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി ഹാർബറിന്റെ കാര്യക്ഷമമായ നടത്തിപ്പിനും പരിപാലനത്തിനും നിരീക്ഷണത്തിനുമായി സംസ്ഥാനത്തെ 21 മത്സ്യബന്ധന ഹാർബറുകൾ കേന്ദ്രീകരിച്ച് ഹാർബർ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ നിർണ്ണയിക്കപ്പെട്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ഹാർബറിന്റെ അടിസ്ഥാന ഭൗതിക സൗകര്യ വികസന പ്രവർത്തനവും മറ്റ് പ്രവർത്തികളും ആവിഷ്കരിക്കുക, പദ്ധതികൾ രൂപവൽക്കരിക്കുക, മേൽനോട്ടം വഹിക്കുക എന്നിവയിൽ ഏർപ്പെടുക. ഹാർബറിൽ നടത്തപ്പെടുന്ന മത്സ്യലേലം, വില്പന, ഗുണനിലവാര പരിപാലനം എന്നിവ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഉറപ്പുവരുത്തുക. പ്രത്യേക സാഹചര്യത്തിൽ സർക്കാർ അനുമതിയോടെ ലേലം ഒഴിവാക്കിക്കൊണ്ട് മൽസ്യത്തിന്റെ ആദ്യവിൽപ്പനയും അനുബന്ധ പ്രവർത്തനങ്ങളും ഏറ്റെടുക്കുക. മത്സ്യബന്ധനത്തിനും |

| | | | |
|---|---|---|---|
| | | | അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നവർക്ക് ബോധവൽക്കരണം നൽകുക. മൽസ്യലേലത്തിലും വിൽപ്പനയിലും ഉണ്ടാകാൻ ഇടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിച്ചുകൊണ്ട് അതിൽ പങ്കെടുത്തവർ തമ്മിൽ തർക്കങ്ങൾ ഉണ്ടാകുകയാണെങ്കിൽ അത് പരിഹരിക്കുക. യൂസർഫീസ് ഉപയോക്താക്കളിൽ നിന്ന് ഈടാക്കാൻ ഏർപ്പാടാക്കുക. ലേലത്തിൽ നിന്ന് ലഭിക്കുന്ന ലേലക്കമ്മീഷൻ നിശ്ചയിച്ചത് പ്രകാരം വീതിച്ചു നൽകുക. യൂസർഫീസ്, ലേലക്കമ്മീഷൻ എന്നിവയുടെ വിഹിതം ഹാർബറിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങൾക്കുമായി നൽകുക. മത്സ്യത്തിന്റെ അടിസ്ഥാനവില നിശ്ചയിക്കുകയും മത്സ്യം സംഭരിക്കുകയും ചെയ്യുക. |

സെക്ഷൻ ഓഫീസർ